പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 4844

18/12/2014 -ൽ മറുപടിക്ക്

<u>നികുതി പരിധി</u>

<u>ചോദ്യം</u>

ശ്രീ. ആർ. രാജേഷ്

എ) സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ബി) സംസ്ഥാനത്ത് നടപ്പിലാക്കുന്ന (രജിസ്ട്രേഷൻ) നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

സി) കുടുംബാംഗങ്ങൾക്കിടയിലെ വസ്തു കൈമാറ്റത്തിനുള്ള നികുതി പരിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) യും ബി) യും സി) യും — ഭാഗപത്രം, ഒഴിമുറി എന്നിവയ്ക്ക് ന്യായവിലയുടെ/മൂല്യത്തിന്റെ 1% നിരക്കിലുള്ള മുദ്രയിൽ പരമാവധി 1000 രൂപ എന്ന പരിധിയും ധനിശ്ചയം, ദാനം എന്നിവയ്ക്ക് ന്യായവിലയുടെ/മൂല്യത്തിന്റെ 2% നിരക്കിലുള്ള മുദ്രയിൽ പരമാവധി 1000 രൂപ എന്ന പരിധിയും നിലവിലുണ്ടായിരുന്നു. ടി 1000 രൂപ എന്ന പരിധി 8/10/2014 തീയതിയിലെ 20478/Leg.A2/2014/Law നമ്പർ ഉത്തരവിലൂടെ(ഓർഡിനൻസ്) ഒഴിവാക്കിയിരുന്നു. എന്നാൽ ഉപധനാഭ്യർത്ഥനയുടെ ചർച്ചാവേളയിൽ ഈ വിഷയം പരിഗണിക്കുകയും പഴയ അവസ്ഥ പുനസ്ഥാപിച്ചുകൊണ്ടുള്ള ഭേദഗതി നിയമസഭ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.